പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3070 13.03.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. വർക്ക് അസിസ്റ്റന്റുമാരുടെ നിയമനം

ചോദ്യം

ശ്രീ. പി.സി. ജോർജ്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നിയമന നിരോധന ഉത്തരവ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ നിയമന നിരോധന ഉത്തരവ് നിലവിലില്ല. |
| (ബി) | കെ.എസ്.ആർ.ടി.സി. വർക്ക് അസിസ്റ്റന്റ് തസ്തികയിലെ എൻ.സി.എ. ഒഴിവുകളിലേക്ക് ധീവര, അദർ ക്രിസ്ത്യൻ സംവരണ വിഭാഗങ്ങൾക്കു വേണ്ടി 226/14, 227/14 കാറ്റഗറി നമ്പരുകളിലായി 18.06.2014 -ന് വിജ്ഞാപനവും തുടർന്ന് 18.09.2017-ന് 24 പേർക്ക് അഡ്വൈസ് മെമ്മോയും നൽകിയെങ്കിലും നാളിതുവരെ നിയമന ഉത്തരവ് നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (സി) | ഈ തസ്തികയിൽ നിലവിൽ 193 ഒഴിവുകളുണ്ടെന്നും 338 | (സി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |

<table>
<tr><td></td><td>താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും ശാന്തമ്മ സാമുവൽ എന്ന വ്യക്തിക്ക് 18.09.2017 ന് വിവരാവകാശ നിയമപ്രകാരം മറുപടി നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td></td><td></td></tr>
<tr><td>(ഡി)</td><td>എങ്കിൽ നിലവിൽ ഒഴിവുകൾ ഉള്ള തസ്തികയിലേക്ക് അഡ്വൈസ് ലഭിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ഉടൻ നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ;</td><td rowspan="2">(ഡി) യും<br>(ഇ) യും</td><td rowspan="2">നിലവിൽ കെ.എസ്.ആർ.ടി.സി അങ്ങേയറ്റം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ, കേരള സർക്കാർ കെ.എസ്.ആർ.ടി.സിയുടെ സമഗ്ര പുനരുദ്ധാരണത്തിനായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രൊഫ.സുശീൽ ഖന്നയെ നിയോഗിച്ചിട്ടുണ്ട്. പ്രൊഫ.സുശീൽ ഖന്നയുടെ പ്രാഥമികമായ വിലയിരുത്തലിൽ കെ.എസ്.ആർ.ടി.സിയിലെ ബസ്സ്-ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയേക്കാൾ വളരെ അധികമാണ്. ഈ സാഹചര്യത്തിൽ പ്രൊഫ.സുശീൽ ഖന്നയുടെ അന്തിമ പഠന റിപ്പോർട്ട് അനുസരിച്ച് ഒഴിവുകൾക്ക് സാധ്യതയുണ്ടെങ്കിൽ നിയമനത്തിന് കെ.എസ്.ആർ.ടി.സി നടപടി സ്വീകരിക്കുന്നതാണ്.</td></tr>
<tr><td>(ഇ)</td><td>പ്രസ്തുത നിയമനം നടത്തിയില്ലെങ്കിൽ നിലവിലുള്ള വർക്ക് അസിസ്റ്റന്റുമാരുടെ നിയമനം വേണ്ടത്ര സംവരണ പ്രാതിനിധ്യം ഇല്ലാത്ത കാരണത്താൽ അസാധുവാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;</td></tr>
<tr><td>(എഫ്)</td><td>ഹൈക്കോടതിയിൽ ഇത് സംബന്ധിച്ചുള്ള INPC-38007/2017 നമ്പർ കേസ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കേസിൽ ഹൈക്കോടതി ആവശ്യപ്പെട്ട വിവരങ്ങൾ കെ.എസ്.ആർ.ടി.സി. നൽകാ</td><td>(എഫ്)</td><td>ശ്രദ്ധയിൽപെട്ടിട്ടുണ്ട്. WP(C) No. 38007/2017 എന്ന നമ്പർ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. ടി കേസിൽ പത്രിക ഫയൽ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| | തിരിക്കുന്നതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (ജി) | 2013-14 മുതൽ 2017-18 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ കെ.എസ്.ആർ.ടി.സി.യുടെ സ്റ്റാറ്റ്യൂട്ടറി ബഡ്ജറ്റിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഈ കാലയളവിലെ ബാലൻസ് ഷീറ്റിന്റെ പകർപ്പും ഓഡിറ്റ് റിപ്പോർട്ടുകളും ഓഡിറ്റേഴ്സിന്റെ പേരു സഹിതം വിശദമാക്കുമോ? | (ജി) | കെ.എസ്.ആർ.ടി.സി.യുടെ സ്റ്റാറ്റ്യൂട്ടറി ബഡ്ജറ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.<br>കെ.എസ്.ആർ.ടി.സി.യുടെ വാർഷിക കണക്കുകൾ ആഡിറ്റ് ചെയ്യുന്നത് കൺട്രോളർ ആന്റ് ആഡിറ്റർ ജനറലാണ്. കൂടാതെ, 2013-14 സാമ്പത്തിക വർഷം വരെയുള്ള കണക്കുകൾക്ക് ആഡിറ്റ് സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. 2014-15 വർഷത്തിലെ കണക്കുകളിൽ മേൽ C&AG ആഡിറ്റ് പൂർത്തീകരിച്ച് സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്കായി സമർപ്പിച്ചിരിക്കുന്നു. 2013-14 വർഷത്തെ ബാലൻസ് ഷീറ്റ്, ആഡിറ്റ് റിപ്പോർട്ട് എന്നിവ ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്